II അറിയിപ്പ്

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് (സോഷ്യലിസ്റ്റ്) പാർട്ടി നാഷണലിസ്റ്റ് കോൺഗ്രസ്സ് പാർട്ടിയിൽ ലയിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (സോഷ്യലിസ്റ്റ്) പാർട്ടി നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയിൽ ലയിച്ചിരിക്കുന്നു എന്നും ഈ ലയനത്തിന് ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അതിനാൽ തങ്ങളെ നിയമസഭയിൽ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (എൻ.സി.പി) നിയമസഭാകക്ഷി അംഗങ്ങളായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് (സോഷ്യലിസ്റ്റ്).....(ബഹളം)..... ഇതു കേൾക്കുക, ഈ സമയത്ത് ബഹളം പാടില്ല. ഇത് വായിച്ച് കഴിഞ്ഞിട്ട് വേണമെങ്കിൽ സമയം തരാം. ഇതുപറയുമ്പോൾ പാടില്ല.

.....ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (സോഷ്യലിസ്റ്റ്) കക്ഷി അംഗങ്ങളായ സർവ്വശ്രീ. എ. സി. ഷൺമുഖദാസ്, വി. സി. കബീർ, കെ. ടി. കുഞ്ഞഹമ്മദ് എന്നിവർ 2000 ഫെബ്രുവരി 13-ാം തീയതി ഒരു കത്ത് മുഖേന ചെയറിനോട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് ചെയർ ഈ കത്ത് 1986-ലെ Kerala Legislative Assembly Disqualification on Ground of Defection Rules ചട്ടം 3(4) അനുസരിച്ചുള്ള വിശദീകരണമായി കണക്കാക്കി പ്രസ്തുത മൂന്ന് അംഗങ്ങളെയും നാഷണലിസ്റ്റ് കോൺഗ്രസ്സ് പാർട്ടി അംഗങ്ങളായി പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് (സോഷ്യലിസ്റ്റ്) പാർട്ടി നിയമസഭാ കക്ഷിയെ ഇനിമുതൽ നാഷണലിസ്റ്റ് കോൺഗ്രസ്സ് നിയമസഭാ കക്ഷി എന്ന നിലയ്ക്കായിരിക്കും പരിഗണിക്കുക. ഭരണഘടന 10-ാം പട്ടികയും അതിന്റെ കീഴിലുള്ള ചട്ടങ്ങളും അനുസരിച്ച് പാർട്ടി അംഗങ്ങളുടെ പേരുവിവരങ്ങളടങ്ങിയ 1996 ഡിസംബർ 11-ാം തീയതിയിലെ 99-ാം നമ്പർ പാർട്ട്-II ബുള്ളറ്റിനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. അങ്ങനെ ഇന്നു മുതൽ ഒരു പുതിയ പാർട്ടി നിയമസഭയിൽ വന്നിരിക്കുകയാണ്.....(ബഹളം).....

ഡോ: എം. എ. കുട്ടപ്പൻ : ഈ പാർട്ടിയുടെ ലീഡർ ആരാണ്?

മി. സ്പീക്കർ : ശ്രീ. എ.സി. ഷൺമുഖദാസ്. ശ്രീ. വി.സി. കബീർ മന്ത്രിയാണ്..... (ബഹളം).....ഓർഡർ.....ഓർഡർ ഇനി പ്രധാനപ്പെട്ട മറ്റൊരു വിഷയത്തിലേക്ക് കടക്കുകയാണ്. മറ്റൊരു വിഷയം എന്നു പറയുന്നത് ഇന്നത്തെ അടിയന്തിരപ്രമേയമാണ്. അടിയന്തിരപ്രമേയത്തിന്റെ നോട്ടീസ് ചെയറിനു ലഭിച്ചു. അതു മന്ത്രിക്ക് കൊടുത്തിട്ടുണ്ട്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അത് ഇപ്പോഴാണ് കിട്ടിയത് ; റൂൾ 51 അനുസരിച്ച് ഇത് മെയിന്റെയിനബിളല്ല.

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ചുതന്നെ ഇതിന്റെ പ്രാധാന്യം കണക്കാക്കിയിട്ടാണ് അടിയന്തിരപ്രമേയവും വന്നത് ; ആ പ്രാധാന്യം മുൻകൂട്ടി കണ്ടുകൊണ്ട്-റൂൾ 300 അനുസരിച്ച്..... (ബഹളം).....

ഇതു കേൾക്കുക, ഒരു അക്കാഡമിക് ആയിട്ടുള്ള കാര്യം പറയുകയാണ്. ഇത് മുൻപ് വന്നതാണ്, ഭാവിയിൽ വരാവുന്നതാണ്. അതു നിയമസഭയുടെ രേഖയിൽ വരാൻവേണ്ടി പറയുകയാണ്. റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് തന്നു. അത് അജണ്ടയിൽപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഇതിനു മുൻപ് ഈ സഭയിൽ സമാനസ്വഭാവമുള്ള ഒരുകാര്യം വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1999 ജനുവരി 25-ാം തീയതി അടിയന്തിരപ്രമേയവും റൂൾ 300 അനുസരിച്ചുള്ള പ്രസ്താവനയും വന്നിട്ടുണ്ട്. ചെയർ അതിന് വ്യക്തമായി റൂളിംഗ് നൽകിയിട്ടുണ്ട്. ആ റൂളിംഗ് ഒന്നുകൂടി പരിശോധിച്ചുകൊണ്ട് അതിന് സ്ഥായിയായ ഒരു ക്ളാരിഫിക്കേഷൻ, റിവൈസ്ഡ് റൂളിംഗ്, നൽകണമെന്ന് ചെയർ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ഇവിടെ വന്ന വിഷയം ഗൗരവമുള്ള വിഷയം എന്ന നിലയിൽപ്പെടുത്താൻ അതിനെ സംബന്ധിച്ച് പ്രത്യേക പരിഗണന വന്നു എന്നതുകൊണ്ട് തീർച്ചയായിട്ടും പ്രതികരണം ഉണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. അതുവേറെ വിഷയം. അപ്പോൾ, അങ്ങനെ ഒരു വിഷയം വന്നാൽ എങ്ങനെയാണ് കൈകാര്യം ചെയ്യുക ? റൂൾ 50 എന്നു പറയുന്നത് തുടർന്നുവരുന്ന എല്ലാ നടപടികളും.....(ബഹളം).....ഇതിന് ഇന്റർഫിയറൻസ് വേണ്ട. റൂൾ 50 എന്നുപറയുന്നത് 'തുടർന്നുവരുന്ന എല്ലാ ബിസിനസ്സുകളെയും നിർത്തൽ ചെയ്തുകൊണ്ട് ഇതിലേക്ക് കടക്കണം' എന്നാണ്. അപ്പോൾ തുടർന്നുവരുന്ന നടപടി കൾക്കും റൂളിംഗിനും അവിടെ പ്രസക്തി വരുന്നില്ല.

ശ്രീ. ടി. എം. ജേക്കബ് : അംഗങ്ങൾ നോട്ടീസ് നൽകിയാൽ യഥാസമയം ബന്ധപ്പെട്ട മന്ത്രി ആക്ഷൻ എടുക്കുവാൻ തയ്യാറാകണം.

മി. സ്പീക്കർ : അത് എഴുതി ചെയ്തിട്ടുണ്ട്. അത് ഓപ്പൺ ചെയ്യുവാൻ വേണ്ടിയാണ്....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : റൂൾ 50 അനുസരിച്ച് നോട്ടീസ് കൊടുക്കുന്നതിനു മുൻപ് റൂൾ 51 അനുസരിച്ച് നോട്ടീസ് കൊടുത്തിരിക്കണം.

ശ്രീ. ടി. എം. ജേക്കബ് : അതു തന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇല്ല, തന്നിട്ടില്ല. റൂൾ 51 അനുസരിച്ച് നോട്ടീസ് കൊടുക്കുവാനുള്ള ബാധ്യത ബന്ധപ്പെട്ട മെമ്പർക്കാണ്. ഞാൻ അതിന്റെ ടെക്നിക്കാലിറ്റി പറഞ്ഞു എന്നേയുള്ളു.

മി. സ്പീക്കർ : അതു വന്നാലേയുള്ളു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ ഇതിന്റെ മറുപടി പറഞ്ഞെന്നേയുള്ളു.

മി. സ്പീക്കർ : അതു വന്നാലേയുള്ളു. അങ്ങ് പറയുന്ന കാര്യം വരാൻ പോകുന്നതേയുള്ളു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോഴാണ് നോട്ടീസ് തന്നത്.....(ബഹളം).....

മി. സ്പീക്കർ : ഈ നോട്ടീസ് വെച്ചുകൊണ്ടാണ് അത് ഓപ്പൺ ചെയ്യുന്നത്. അതിരിക്കട്ടെ.....(ബഹളം).....

പ്രതിപക്ഷനേതാവ് (ശ്രീ എ.കെ. ആന്റണി) : കേരളത്തിൽ നിലനിൽക്കുന്ന റേഷൻ സമ്പ്രദായം തകരാൻപോവുകയാണ്. അത് ഈ കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന ഏറ്റവും വലിയ ജീവൽ പ്രശ്നമാണ്.

മി. സ്പീക്കർ : അത് ഇവിടെ പറയുവാൻപോവുകയാണ്.

ശ്രീ. എ. കെ. ആന്റണി : ഈ അടിയന്തിരപ്രമേയത്തിന് സമയക്കുറവ് എന്ന സാങ്കേതിക തടസ്സം പറഞ്ഞുകൊണ്ട് ഒരു വിവാദത്തിലേയ്ക്ക് പോകരുത്.

മി. സ്പീക്കർ : ഞാൻ പറയുന്നത് സമയമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : വിവാദം ശരിയല്ല. ഇതൊരു അടിയന്തിര പ്രമേയമായി ചർച്ച ചെയ്യുന്നതിൽ വിവാദം കാണുന്നത് ശരിയല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇതു വിവാദത്തിന്റെ പ്രശ്നമല്ല. ഇതു ചെയറിന്റെ.....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : വിവാദത്തിനു പോകുന്നില്ല. എന്റെ അഭിപ്രായത്തിൽ ഏതു പ്രമേയം എന്നുള്ളതല്ല. ഈ നിയമസഭയിലെ എല്ലാ കക്ഷി നേതാക്കന്മാരും പ്രതികരിച്ചിട്ട് ഇതിന് ഏകകണ്ഠമായ അഭിപ്രായം പ്രകടിപ്പിക്കണം എന്നതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : അതു വരാൻ പോകുന്നതേയുള്ളു. ഞാൻ പറഞ്ഞത് വിഷയത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നുകൊണ്ടല്ല. അതിന്റെ പ്രാധാന്യം വളരെവളരെ വലുതാണ്. അതല്ല ഞാൻ പറയുന്നത്. അക്കാഡമിക്കായിട്ടുള്ള ഒരു കാര്യം ചെയറിന് പറയണ്ടേ ? നടപടി ക്രമങ്ങൾ അനുസരിച്ചുള്ള കാര്യം, ഭാവിയിൽ വരാവുന്ന ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. ഇങ്ങനെ രണ്ട് കാര്യങ്ങൾ ഒരുമിച്ചുവന്നാൽ കൈകാര്യം ചെയ്യുന്നതിന് ഒരു നടപടിക്രമം വേണം. രണ്ടു തവണ വന്നു. ഇതാണ് രണ്ടാമത്തെ തവണ. ഭാവിയിലും വരാം. വരണം. എന്നുള്ളതുകൊണ്ട് ഞാൻ പറയുന്നു, അടിയന്തിരപ്രമേയം വരുമ്പോൾ അതിനാണ് പ്രാധാന്യം വരിക, അതാണ് നിലനിൽക്കുക. അതേ സമയത്ത് റൂൾ 300 അനുസരിച്ച് അജണ്ടയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു കാര്യത്തിന് സംരക്ഷണം കൊടുക്കേണ്ട ബാധ്യതയും ചെയറിനുണ്ട്. അതുകൂടി കണ്ടുകൊണ്ട് ചെയർ വെയ്ക്കുന്ന ഒരു ക്ളാരിഫിക്കേഷൻ, ഇതിനെ സംബന്ധിച്ചുള്ള വിശദീകരണം അടിയന്തിരപ്രമേയം എടുക്കുമ്പോൾ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് അജണ്ടയിൽ ഉണ്ടല്ലോ. അത് അവതരിപ്പിച്ചുകൊണ്ടുള്ള ഒരു മറുപടിയും വന്നു കഴിഞ്ഞാൽ രണ്ടു പ്രശ്നത്തിനും പരിഹാരമായി. അതിനെ സംരക്ഷിക്കുവാനുള്ള ബാധ്യത ചെയർ എടുക്കുന്നു. അതേസമയം അടിയന്തിരപ്രമേയം കൊണ്ടുവരാനുള്ള സമീപനവും.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : റൂൾ 300 അനുസരിച്ചും സ്പീക്കറാണ് തീരുമാനിക്കേണ്ടത്. റൂൾ 50 അനുസരിച്ചും സ്പീക്കറാണ് തീരുമാനിക്കേണ്ടത്. രണ്ടാൾക്കും സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ് കറക്ട്. ആ രൂപത്തിലാണ് ഭാവിയിൽ ഈ വിഷയം കൈകാര്യം ചെയ്യുക എന്നു പറഞ്ഞുകൊണ്ടാണ് പുതിയ റൂളിംഗ്. അതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് വിഷയത്തിലേയ്ക്ക് കടക്കുന്നത്. നമുക്ക് വിഷയത്തിലേക്ക് കടക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : രണ്ടുപേരും സംസാരിച്ച് നിർത്തിയാൽ പോരാ എന്നതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : ഇതിലേയ്ക്ക് വരുന്നതേയുള്ളു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞങ്ങൾ രണ്ടുപേർ മാത്രം പറഞ്ഞാൽ പോരാ, മറ്റു പാർട്ടിയുടെ പ്രതിനിധികൾ കൂടി വേണം.

മി. സ്പീക്കർ : അങ്ങേയ്ക്ക് പറയാം. അതു വരുന്നതേയുള്ളു.

ശ്രീ. ഉമ്മൻചാണ്ടി : ചർച്ച അനുവദിച്ചാൽ മതി.

മി. സ്പീക്കർ : അതിന്റെ ഉള്ളടക്കത്തിലേയ്ക്ക് വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly